**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2212** **06.02.2019 -ൽ മറുപടിക്ക്**

**റേഷൻ കടകളും ഭിന്നശേഷിക്കാരുടെ പ്രാതിനിധ്യവും**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. ഷാഫി പറമ്പിൽ :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) റേഷൻ കടകൾ അനുവദിക്കുമ്പോൾ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് പുറമെ ഭിന്നശേഷിക്കാർക്കും പ്രാതിനിധ്യം ഉറപ്പാക്കണമെന്ന് സുപ്രീം കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; | (എ) യും (ബി) യും 1966 ലെ കേരള റേഷനിംഗ് ഓർഡറിലെ 45, 2(a) പ്രകാരം റേഷൻ കടകളുടെ ലൈസൻസി നിയമനത്തിൽ ഭിന്നശേഷിക്കാർക്ക് 5 ശതമാനം സംവരണം അനുവദിച്ചിട്ടുണ്ട്. പ്രസ്തുത വിഭാഗത്തിന് അർഹതപ്പെട്ട സംവരണം എ.ആർ.ഡി. നിയമനങ്ങളിൽ നൽകണമെന്ന വ്യവസ്ഥ കർശനമായി പാലിക്കപ്പെടുന്നുണ്ട്. ബഹു.സുപ്രീം കോടതി മേൽ വിഷയം സംബന്ധിച്ച് വിധി പ്രസ്താവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിവരിക്കുമോ; | |
| (സി) ലൈസൻസി മരിച്ചാൽ കടയുടെ ചുമതല ലൈസൻസിയുടെ ഭാര്യക്കോ മക്കൾക്കോ നൽകുന്ന റേഷനിംഗ് ഉത്തരവ് ഇക്കാര്യത്തിനായി ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ